(ബി) കരിനില വികസന ഏജൻസികളിലൂടെ പ്രധാനമായും നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ നെൽവിത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സബ്സിഡി, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നു. തൃശ്ശൂർ കരിനില വികസന ഏജൻസി പ്രദേശത്തുള്ള പാടശേഖരങ്ങളുടെ കൊയ്ത്തുകൂലി, മറ്റത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) നെൽ കർഷകർക്ക് നൽകിവന്നിരുന്ന സബ്സിഡികൾ തുടർന്നും നൽകിവരുന്നുണ്ട്.

ഹൈടെക് ഹരിത ഗ്രാമങ്ങൾ

112 (2745) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 എണ്ണം സ്ഥാപിക്കപ്പെടുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കപ്പെടുവെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 19-10-2013-ലെ സ.ഉ.(ആർ‌റ്റി.)നമ്പർ 1830/2013/കൃഷി പ്രകാരം "മാതൃകാ ഹൈടെക് ഹരിത ഗ്രാമ" പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നല്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 14 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ചെയ്തു.

(ബി) 30-11-2013-ലെ സ.ഉ.(ആർ.ടി)നമ്പർ 2127/13/കൃഷി ഉത്തരവ് പ്രകാരം മാതൃകാ ഹൈടെക് ഹരിത ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ചുവടെപ്പറയുന്ന 14 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	ഗ്രാമ പഞ്ചായത്ത്
1.	തിരുവനന്തപുരം	മാണിക്കൽ
2.	കൊല്ലം	പെരിനാട്
3.	പത്തനംതിട്ട	ഇരവിപേരൂർ
4.	ആലപ്പുഴ	മാരാരിക്കുളംസൗത്ത്
5.	കോട്ടയം	വാഴൂർ
6.	ഇടുക്കി	കാമാക്ഷി
7.	എറണാകുളം	മുക്കന്നൂർ
8.	തൃശ്ശൂർ	തനിയം
9.	പാലക്കാട്	അഗളി
10.	മലപ്പുറം	പുലാമന്തോൾ
11.	കോഴിക്കോട്	ചേമഞ്ചേരി
12.	വയനാട്	തിരുനെല്ലി
13.	കണ്ണൂർ	പെരിങ്ങോം- വയക്കര
14.	കാസർഗോഡ്	മൊഗ്രാൽ പുത്തൂർ

കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷകൾ

113 (2746) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കൈയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ; ആയതിൽ എത്ര എണ്ണം തീർപ്പാക്കി ; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ; വ്യക്തമാക്കുമോ ;

(ബി) കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുക കർഷകർക്ക് നൽകി .; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly